**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോഴിക്കോട് ജില്ല – കുന്നമംഗലം ഗ്രാമപഞ്ചായത്ത് – കുടിവെള്ള വിതരണം - കൂടുതലായി ചെലവഴിക്കപ്പെട്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.3296/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി:13/10/2017

---

പരാമർശം:-
1. 09.03.2017 ലെ സ.ഉ(സാധാ)നം. 662/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 16.05.2017 ലെ സ.ഉ(സാധാ)നം.1585/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. കുന്നമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/05/2017 ലെ A1-3224/17 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 08/08/2017 ലെ ജി1-17805/17 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്ത വകയിൽ ആകെ 23,43,950/- രൂപ കരാറുകാർക്ക് നൽകാനുണ്ടെന്നു പരാമർശം (3) പ്രകാരം കുന്നമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 01/04/2017 മുതൽ 31/05/2017 വരെ 10 ലക്ഷം രൂപ വരെയും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 2017 ജൂൺ 15 വരെ 5 ലക്ഷം രൂപയും തനത് ഫണ്ടിൽ ചെലവഴിക്കാൻ അനുമതി നല്കിയിരുന്നു. ആയതിനാൽ ബാക്കി തുകയായ 8,43,950/- രൂപ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന പരാമർശം (3) പ്രകാരം കുന്നമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണത്തിന് അധികമായി ചെലവഴിക്കപ്പെട്ട 8,43,950/- (എട്ട് ലക്ഷത്തി നാൽപത്തിമൂന്നായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) രൂപ കുന്നമംഗലം ഗ്രാമപഞ്ചായത്തിന്റെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചയത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/സെക്രട്ടറി, കുന്നമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*